DESPATCHED
On..30/.08/.22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 1049(3)/2019 എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.18154/*എസ്.ഐ.സി–ജി 1/2019*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 26.08.2022

ശ്രീ.കീഴാലഞ്ചേരി രത്നാകരൻ,
ഭാരത ക്ഷേത്ര ഭൂമി സംരക്ഷണ വേദി ചാരിറ്റബിൾ ട്രസ്റ്റ്,
തുണ്ടിയിൽ ബിൽഡിംഗ്,
റൂം നം. 5/1202, കിഴക്കേ നടക്കാവ്,
കോഴിക്കോട് – 673 006. } പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ്,
അഡ്മിനിസ്ട്രേഷൻ,
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട്. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06/05/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 07/11/2019 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 11/11/2019 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കിഴക്കേ നടക്കാവ്, തുണ്ടിയിൽ കോംപ്ലക്സിൽ റൂം. നം. 5/1202 ൽ ശ്രീ. കീഴാലഞ്ചേരി രത്നാകരൻ കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാൻ 24.04.2019 ന് അനിതാകുമാരി എന്നവർക്കെതിരെ

ഒരു പരാതി രജിസ്റ്റേർഡ് പോസ്റ്റായി സമർപ്പിച്ചിരുന്നുവെന്നും ടി പരാതിയെ സംബന്ധിച്ച തുടർനടപടികളെ കുറിച്ചുമാണ്. ടി അപേക്ഷകന് യഥാസമയം മറുപടി ലഭിക്കാതിരുന്നതിനെ തുടർന്നാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരാവുകയോ, ഹാജരാവാതിരുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്തില്ല. എതിർകക്ഷി ഹിയറിംഗിൽ ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പ് എതിർകക്ഷി ഹാജരാക്കി. ആയതിനാൽ ടി മറുപടിയുടെ ഒരു പകർപ്പ് കൂടി പരാതിക്കാരന് അയച്ച് നൽകേണ്ടതാണെന്ന് എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട്, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 26-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*